# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.(പി.കെ.ഡി)-പി -24/1582/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 05/10/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുര (ഇ-മെയിൽ മുഖേന)
2. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, പാലക്കാട്
3.ഓഫീസ് പകർപ്പ്.

നമ്പർ: കെ.എസ്.എ.(പി.കെ.ഡി)-പി -24/1582/2023 തീയ്യതി: 05/10/2023

## പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-09-2022 മുതൽ 20-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അരവിന്ദാക്ഷൻ .പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-07-2023 | 31-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-07-2023 | 31-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

നസീറാബാനു.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
പത്മകുമാർ.സി.എൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ
രമാദേവി.കെ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശോഭന രാജേന്ദ്ര പ്രസാദ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. വിനോദ്കുമാർ.കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. മുരളീധരൻ.പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 12-05-2022 |
| ശ്രീ.കൃഷ്ണൻകുട്ടി. കെ.ടി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 13-05-2022 | 22-05-2022 |
| ശ്രീമതി. ചാന്ദിനി. വി.ജി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 22-05-2022 | 19-06-2022 |
| ശ്രീ.കൃഷ്ണൻകുട്ടി. കെ.ടി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 20-06-2022 | 19-07-2022 |
| ശ്രീമതി. ചാന്ദിനി. വി.ജി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 20-07-2022 | 29-07-2022 |
| ശ്രീമതി. ജയലക്ഷ്മി. ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 30-07-2022 | 02-09-2022 |
| ശ്രീ.കൃഷ്ണൻകുട്ടി. കെ.ടി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 03-09-2022 | 11-09-2022 |
| സുമേഷ്. വി. ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 12-09-2022 | 30-09-2022 |
| ശ്രീ.കൃഷ്ണൻകുട്ടി. കെ.ടി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-10-2022 | 20-12-2022 |
| ശ്രീ. യൂസഫ് . കെ.എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 21-12-2022 | 31-03-2023 |
| ശ്രീമതി. ഡെയ്സി . എം.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. അരുൺ. ആർ | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.സംഗീത. എ.എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 01-10-2022 |
| ശ്രീ. ദീപു. വി.എ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ(അധിക ചുമതല) | 02-10-2022 | 21-11-2022 |
| ശ്രീമതി. വൃന്ദ.ടി.എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 22-11-2022 | 09-02-2023 |
| ശ്രീമതി. ജാസ്മിൻ .പി.എച്ച് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ(അധിക ചുമതല) | 10-02-2022 | 16-03-2023 |
| ശ്രീ. വ്യാസ്. എൻ.ജി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 17-03-2023 | 31-03-2023 |
| ശ്രീമതി.സ്വപ്ന.ആർ. എസ് | ശിശുവികസന ഓഫീസർ | 01-04-2022 | 14-09-2022 |
| ശ്രീമതി. രമ ആർ | ശിശുവികസന ഓഫീസർ | 15-09-2022 | 12-12-2022 |
| ശ്രീമതി.സ്വപ്ന.ആർ. എസ് | ശിശുവികസന ഓഫീസർ | 13-12-2022 | 31-03-2023 |
| ശ്രീ. സുരേഷ്കുമാർ.എ | ക്ഷീര വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ഹനീഫ് ഹുസൈൻ.ടി | മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യകേന്ദ്രം ചളവറ | 01-04-2022 | 31-03-2023 |
| ഡോ.മാലിനി വി.എസ് | മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യകേന്ദ്രം അമ്പലപ്പാറ | 01-04-2022 | 18-05-2022 |
| ഡോ. അനുപമ.എം | മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യകേന്ദ്രം അമ്പലപ്പാറ | 19-05-2022 | 31-03-2023 |
| ശ്രീ. നൌഫൽ. ടി.എ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-1-1 |
| 3 | തുകകൾ അതാത് ശീർഷകത്തിലേക്ക് ക്രമീകരിച്ചിട്ടില്ല. | 1-1-2 |
| 4 | വാടക രജിസ്റ്ററിൽ സാക്ഷപ്പെടുത്തിയ വാർഷികസംക്ഷിപ്തം | 1-1-3 |
| 5 | വികസന ഫണ്ട് ചെലവ് - ഏ സി ആറും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 8 | ഫണ്ട് വിനിയോഗം ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 13 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 14 | വാടക വരവിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-10 |
| 15 | പഠനമുറി നിർമാണം പൂർത്തീകരിച്ചിട്ടില്ല | 1-11 |
| 16 | ഡയാലിസിസ് ചികിത്സാ സഹായം -മാർഗ്ഗരേഖയിലെ നിർദേശം പാലിച്ചില്ല. | 1-12 |
| 17 | സോളാർ പാനൽ പദ്ധതി നിർവഹണം പൂർത്തികരിക്കേണ്ടതാണ് | 1-13 |
| 18 | വിനിയോഗ സാക്ഷ്യപത്രം പൂർണ്ണമായി ലഭിച്ചിട്ടില്ല | 1-14 |
| 19 | ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ് | 1-15 |
| 20 | അംഗീകാരം ലഭിക്കാത്ത പദ്ധതിയ്ക്ക് ബ്ലോക്ക് വിഹിതം നൽകിയത് സംബന്ധിച്ച് | 1-16 |
| 21 | കുടിവെള്ളപദ്ധതികളുടെ നിർവ്വഹണം - ആസ്തികൾ സമയബന്ധിതമായി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറേണ്ടതാണ് | 1-17 |
| 22 | കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. | 1-18 |
| 23 | മേഖലാ തല ചുമതലകളിൽ ഉൾപ്പെടാത്ത മരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ചു | 1-19 |
| | ഭാഗം **2** | |
| | --- No Records Found --- | |

| | | |
|---|---|---|
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26-6-2023 ലെ 3(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 6-7-2023 തീയതിയിൽ പിന്നുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്നുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പാലക്കാട്
തിയതി:- 05-10-2023

## 1-1-1 വാർഷിക കണക്കിലെ അപാകങ്ങൾ

ഒറ്റപ്പാലം ബ്ളോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക കണക്ക്, സ്ഥാപനത്തിന്റെ രേഖകളും രജിസ്റ്ററുകളുമായി ഒത്തുനോക്കി പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

1.പി എം എ വൈ പദ്ധതിയ്ക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതം ലഭിച്ചതിന്റെ പലിശ 52445 രൂപ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള വരവായി 320700203 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-1-2 തുകകൾ അതാത് ശീർഷകത്തിലേക്ക് ക്രമീകരിച്ചിട്ടില്ല.

2. പി എം എ വൈ പദ്ധതിയുടെ കേരള ഗ്രാമീൺ ബാങ്കിലുള്ള നീക്കിയിരിപ്പിൽ രണ്ട് തിരിച്ചടവ് തുകയുണ്ട്. മുൻവർഷങ്ങളിൽ ഭവന നിർമാണത്തിനായി അനുവദിച്ച് തിരിച്ചടച്ചതായ 40000 രൂപയും, ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ നിന്നും തിരിച്ചടച്ച വികസന ഫണ്ട് 307863 രൂപയും ഉൾപ്പെട്ടിട്ടുണ്ട്.ടി തുകകൾ അതാത് ശീർഷകത്തിലേക്ക് ക്രമീകരിച്ചിട്ടില്ല.

### 1-1-3 വാടക രജിസ്റ്ററിൽ സാക്ഷപ്പെടുത്തിയ വാർഷികസംക്ഷിപ്തം

വാടക രജിസ്റ്ററിൽ വാർഷികസംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

### 1-1-4 വികസന ഫണ്ട് ചെലവ് - ഏ സി ആറും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരമുള്ള വികസന ഫണ്ട് ജനറലിന്റെ ചെലവ് എ സി ആറിലേതുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം 106440 രൂപ.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 18/03/2022 തീയതിയിലെ തീരുമാനം (1) പ്രകാരം അംഗീകരിച്ചു. ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 8505619 | 337844164 | 3369937164 | 9412619 |

വാർഷിക ബജറ്റ് 25.03.2023 ൽ പുതുക്കി അംഗീകാരം നേടിയിട്ടുണ്ട്.

ബജറ്റ് വിശദാംശങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 32941910 |
| ഓഡിറ്റ് വർഷത്തെ വരവ് | 108871977 |
| ആകെ | 141813887 |
| ചെലവ് | 119170499 |
| നീക്കിയിരിപ്പ് | 22643388 |

### 1-4 ഫണ്ട് വിനിയോഗം ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം) | 0 | 35527000 | 35527000 | 32768486 | 2758514 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം) | 0 | 29194000 | 29194000 | 24424709 | 4769291 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 9162000 | 9162000 | 9161854 | 146 |
| CFC-Tied (Treasury) | 0 | 3833674 | 3833674 | 2533674 | 1300000 |
| CFC-Tied(Bank) | 6535548 | 8592000 | 15127548 | 6710049 | 8417499 |
| CFC-UnTied (Treasury)<br>CFC-UnTied(Bank) | 355348 | 6199398 | 6554746 | 4368668 | 2186078 |

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| Iwdp ഹരിയാലി | 164589 | 4497 | 169086 | 0 | 169086 |
| T.S.C | 3353194 | 55655 | 3408849 | 0 | 3408849 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 152 | 147949771 | 110 | 80944251 | 0 | 42 | 72.3 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി | 4 | 3 | 6188311 | 5880145 | 95 |

| | | | | | |
|---|---|---|---|---|---|
| അസി.ഡയറക്ടർ | | | | | |
| ഐ.ഇ.ഒ | 2 | 1 | 2361560 | 1380000 | 58 |
| സി.ഡി.പി.ഒ | 3 | 3 | 3525100 | 3351191 | 95 |
| പട്ടികജാതി വികസന ഓഫീസർ | 5 | 4 | 4182658 | 3023418 | 72 |
| സെക്രട്ടറി | 37 | 29 | 75063770 | 34235150 | 45 |
| അസി.എക്സി. എഞ്ചിനിയർ | 55 | 25 | 30233492 | 11522144 | 38 |
| അസി. എഞ്ചിനിയർ | 28 | 28 | 16947017 | 14344405 | 84 |
| മെഡിക്കൽ ഓഫീസർ-CHC | 16 | 15 | 8427863 | 6188998 | 72 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1020000 | 1018800 | 99.8 |
| ആകെ | 152 | 110 | 147949771 | 80944251 | 54 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.07.2023 തീയതിയിൽ 2.20 Pm-ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. തുകയൊന്നും വരവില്ലെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-7 തൊഴിലുറപ്പ് പദ്ധതി

ഒന്നുമില്ല

## 1-8 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പരിശോധനയിൽ 2022-23 സാമ്പത്തിക വർഷത്തിൽ പുതിയ ആസ്തികൾ സൃഷ്ടിച്ചിട്ടില്ലെങ്കിലും നിലവിലുള്ള ആസ്തികൾ ആസ്തി രജിസ്റ്ററിൽ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. മറ്റു പഞ്ചായത്തുകളിലെ ഉടമസ്ഥതയിലുള്ള ആസ്തികൾ സൃഷ്ടിക്കുന്ന പദ്ധതികൾ ഒഴിവാക്കി തനത് ആസ്തികൾ സൃഷ്ടിക്കപ്പെടുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണപ്പെടുത്തേണ്ടതുണ്ട്. എം ബുക്കുകൾ, രശീതികളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചാൽ പൂർത്തീകരണ റിപ്പോർട്ട് , മോണിറ്ററിംഗ് റിപ്പോർട്ടുകൾ എന്നിവ മരാമത്ത് ഫയലുകളുടെ ഒപ്പം നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. കുടിവെള്ള പദ്ധതികൾ നിർബന്ധമായും അതാത് പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യേണ്ടതാണ്. 1994 കേരള പഞ്ചായതത് രാജ് ആക്ടിലെ 172ാം വകുപ്പ് - നാലാം പട്ടികയിലെ നിർദേശപ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാ വിഭജനത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ മാത്രം ഏറ്റെടുത്ത് ചെലവ് നടത്തുവാൻശ്രദ്ധിക്കേണ്ടതാണ്. വാങ്ങലുകൾ നത്തുമ്പോൾ സർക്കാർ നിബന്ധനകൾക്ക് വിധേയമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. വിവിധ ഏജൻസികൾക്ക് കൈമാറിയ പ്രൊജക്ടുകളിൽ നിർവഹണ ഏജൻസികളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മേൽപ്പറഞ്ഞ കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.

## 1-9 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

01.04.2016 മുതൽ 28.02.2022 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2014-15 മുതൽ 2021-22 വരെയുള്ള കാലയളവിലെ കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. 03.05.2022 ൽ റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശങ്ങൾ തീർപ്പാക്കിയിട്ടില്ല.

01-07-2022 മുതൽ 15-07-2022 വരെ നടന്ന പെർഫോമൻസ് ഓഡിറ്റിൽ 2021-22 ലെ കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. 07.05.2022 ൽ റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശങ്ങൾ തീർപ്പാക്കിയിട്ടില്ല.

## 1-10 വാടക വരവിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

1.വാടക രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2. ഒറ്റപ്പാലം ബ്ളോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 9-2-2022ലെ 8(1) നമ്പർ തീരുമാനപ്രകാരം വാടകയുടെ ബൈലോ അംഗീകരിക്കുകയും ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 2-4-2022ലെ സി-1995/2021 നമ്പർ കത്തിലൂടെ സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ അംഗീകാരം ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്.

3.കരട് ബൈലോയുടെ 15-ാം നമ്പർ വ്യവസ്ഥ അനുസരിച്ച് മുറി ലേലം കൊണ്ടയാൾ/ വാടകക്കാരൻ പ്രതിമാസ വാടക അതാതു മാസം 5-ാം തിയതിയ്ക്കുമുമ്പായി അടവാക്കണം. തുക ഒടുക്കാതെ വരുന്ന സംഗതിയിൽ ഭരണസമിതി തീരുമാനപ്രകാരം പലിശയോ / പിഴ പലിശയോ സഹിതം ഈടാക്കുന്നതിന് നോട്ടീസ് നല്കുകയും വാടക ഈടാക്കുന്നതിന് തുടർനടപടി സ്വീകരിക്കുകയും ചെയ്യാവുന്നതാണ് എന്നും ബൈലോയിൽ സൂചിപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷത്തിലെ വാടക കരാറുകളിൽ പരിശോധിച്ചതിൽ നിന്നും ഇവയിൽ വാടകക്കാർ അതാത് മാസം വാടക ഒടുക്കേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുണ്ടെങ്കിലും തുക ഏത് തീയതിയ്ക്കകം ഒടുക്കണമെന്ന് ചേർത്തിട്ടില്ല എന്ന വ്യക്തമായി. പിഴ ഈടാക്കുന്നതിനെക്കുറിച്ചുള്ള വ്യവസ്ഥയും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. ക്യാൻസൽ ചെയ്ത സാംഖ്യ രസീതികളിൽ കാരണം രേഖപ്പടുത്തുകയോ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

## 1-11 പഠനമുറി നിർമാണം പൂർത്തീകരിച്ചിട്ടില്ല

22-23 വർഷത്തിൽ എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമിക്കുന്നതിനുള്ള രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.ഈ പ്രോജക്ടുകളിലൂടെ ധനസഹായം ലഭിച്ച ഗുണഭോക്താക്കളിൽ ചിലർ പഠനമുറി നിർമാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

1)പ്രോജക്ട്- 121/23-സ്കൂൾ തലത്തിലുള്ള എസ്.സി വിദ്യാർത്ഥികൾക്കുള്ള പഠനമുറി

നിർവ്വഹണ ഉദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ

അടങ്കൽ - ₹1600000 ( വികസന ഫണ്ട് SCP)

ചെലവ്- ₹1150000 (വികസന ഫണ്ട് SCP)

മേൽ പ്രോജക്ട് പ്രകാരം 8 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി 200000 രൂപ വീതം ധനസഹായം അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | അനഘ.പി D/o സുബ്രഹമണ്യൻ.പി<br>പരിയാംതൊടി (H),എഴുവന്തല,നെല്ലായ | 125000 | 29.03.2023 |

| | | | |
|---|---|---|---|
| 2 | ആദർശ് എം.പി S/o വിനോദ്കുമാർ എം.പി<br>മുല്ലപ്പറമ്പിൽ(H), ഇരുമ്പാലശ്ശേരി,നെല്ലായ | 125000 | 4.03.2023 |
| 3 | അനഘ.കെ.എം D/o അജിത.കെ.ടി<br>കുറുപ്പാംപടി (H),നെല്ലിക്കുറുശ്ശി,മുളഞ്ഞൂർ | 125000 | 4.03.2023 |

2)പ്രോജക്ട്- 125/23- ഡിഗ്രിതലം മുതൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥിനികൾക്കുള്ള പഠനമുറി

നിർവ്വഹണ ഉദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ

അടങ്കൽ - ₹2000000 ( വികസന ഫണ്ട്- SCP)

ചെലവ് – ₹1400000 ( വികസന ഫണ്ട് -SCP)

മേൽ പ്രോജക്ട് പ്രകാരം 10 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി 200000 രൂപ വീതം ധനസഹായം അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ധനസഹായം കൈപ്പറ്റിയ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ നിർമാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1. | അമൃത.എം.പി D/o.ഉണ്ണികൃഷ്ണൻ<br>മനയ്ക്കൽപടി (H),ചെറുകോട്,വല്ലപ്പുഴ | 50000 | 29-12-22 |
| 2 | ആര്യ എൻ.എ D/o.അയ്യപ്പൻ.എൻ<br>നായ്ക്കൻതൊടി (H),ചെറുകോട്,വല്ലപ്പുഴ | 125000 | 16-2-23 |
| 3 | അഞ്ജന.ടി D/o.ഉണ്ണികൃഷ്ണൻ<br>താപ്പിൽ ,ചെറുകോട്,വല്ലപ്പുഴ | 125000 | 16-2-23 |
| 4 | ശ്രീന.കെ D/o.സുജാത<br>കൈതേരിക്കുന്ന്, മുണ്ടക്കോട്ടുകുറുശ്ശി | 125000 | 29-3-23 |
| 5 | ജിഷ്മ.കെ.കെ D/o.കുമാരൻ.കെ.കെ<br>കരയൻകുന്നത്ത്, മാരായമംഗലം,നെല്ലായ | 125000 | 4-3-23 |
| 6 | അനഘകൃഷ്ണൻ.ബി D/o.ബാലകൃഷ്ണൻ<br>തെക്കേപുരയ്ക്കൽ,കുനത്തറ<br>വാണിയംകുളം | 125000 | 27-3-23 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും നിർമാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് എൻക്വയറി നം 3/26-7-23 നല്കിയതിന് മറുപടി ലഭിച്ചില്ല. പഠനമുറി നിർമാണം പൂർത്തീകരണം, ധനസഹായം അനുവദിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ഡയാലിസിസ് ചികിത്സാ സഹായം -മാർഗ്ഗരേഖയിലെ നിർദേശം പാലിച്ചില്ല.

സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി.19-04-2022 പ്രകാരമുള്ള പതിനാലാം പദ്ധതി മാർഗ്ഗരേഖ, സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി.28-05-2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ എന്നിവയിൽ ഖ7.6.7ൽ വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം എന്ന പ്രോജക്ട് നടപ്പാക്കുന്നതിനുള്ള നിർദേശങ്ങൾ ഉണ്ട്. ഡയാലിസിസിന് ധനസഹായം നല്കുന്നതിനുള്ള പ്രോജക്ടുകൾ 7.6.7.3 അനുസരിച്ച്

ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ബ്ളോക്ക് /ജില്ലാ പഞ്ചായത്ത് വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായും ഏറ്റെടുക്കാവുന്നതാണ്.

ഒറ്റപ്പാലം ബ്ളോക്ക് പഞ്ചായത്തിനു കീഴിലുള്ള സി. എച്ച്. സി അമ്പലപ്പാറ, ചളവറ കുടുംബാരോഗ്യ കേന്ദ്രം എന്നീ സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർമാർ 2022-23 വർഷത്തിൽ വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം എന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. ടി പ്രോജക്ടുകൾക്കായി മറ്റ് ഗ്രാമപഞ്ചായത്തിൽ നിന്ന് എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഈയിനത്തിൽ വരവ്, ചെലവ് ഉണ്ടോ എന്നത് വ്യക്തമല്ല. ബ്ളോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ടിൽ (ജനറൽ) നിന്നുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. നടപ്പാക്കിയ പ്രോജക്ടിന്റെ വിവരം താഴെ ചേർക്കുന്നു.

പ്രോജക്ട്- 67/23-ഡയാലിസിസ് രോഗികൾക്ക് സ്നേഹസാന്ത്വനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, CHCഅമ്പലപ്പാറ

അടങ്കൽ - 1207863രൂപ (വികസന ഫണ്ട് -ജനറൽ 500000+ഗ്രാമപഞ്ചായത്ത്- 707863 )

ചെലവ്- 492000 (വികസന ഫണ്ട്- ജനറൽ)- {31 ബില്ലുകളിലൂടെ ചെലവഴിച്ചത്}
2.പ്രോജക്ട്- 79/23-കിഡ്നി രോഗികൾക്ക് ഡയാലിസിസ് ചികിത്സാ സഹായം - സ്നേഹസാന്ത്വനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, FHCചളവറ

അടങ്കൽ -1400000രൂപ (വികസന ഫണ്ട് -ജനറൽ 600000+ഗ്രാമപഞ്ചായത്ത്- 800000)

ചെലവ്- 595800 (വികസന ഫണ്ട്- ജനറൽ)

ഒരു രോഗിക്ക് ഒരാഴ്ചയിൽ 1000 രൂപ നിരക്കിൽ ഒരു മാസം പരമാവധി 4000 രൂപ രോഗിയെ ചികത്സിച്ച ആശുപത്രിയ്ക്ക് നല്കാവുന്നതാണ്. ഇത്തരത്തിൽ ബ്ളോക്ക് പരിധിയിലെ രോഗികളുടെ ചികിത്സാചെലവിനായി വിവിധ ആശുപത്രികൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും തുക നല്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്ന പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് മാത്രം ഉപയോഗിച്ച് നടപ്പാക്കിയതിന്റെ കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി (11,12/ 29-7-23) നല്കിയതിന് മറുപടി ലഭിച്ചില്ല.

1-13 സോളാർ പാനൽ പദ്ധതി നിർവഹണം പൂർത്തികരിക്കേണ്ടതാണ്

ഗവൺമെന്റ് ബിൽഡിങ്ങുകൾ സൌരോർജ്ജവൽക്കരിക്കുന്നതിന്റെ ഭാഗമായി (GO No.(Rt) No.87/2020 /POWER Dated, 06/08/2020) ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് മുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിലേയ്ക്കായി അനെർട്ടിന്റെ ജില്ലാ പാലക്കാട് ഓഫീസിൽ നിന്നും ഫീസിബിലിറ്റി പഠനം നടത്തുകയും 10KW ശേഷിയുള്ള ഹൈബ്രിഡ് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്കായി പാലക്കാട് ജില്ലാ ആസൂത്രണ സമിതി 25.7.22 ലെ 525/ഡി.പി.സി/ഡി.പി.ഒ /പി.കെ.ഡി നമ്പർ നടപടി ക്രമം പ്രകാരം അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി തനത് ഫണ്ടിൽ നിന്നും 2027025/- രൂപ ഡിസ്ട്രിക്ക് എഞ്ചിനീയർ, അനെർട്ട് പാലക്കാട് എന്ന സ്ഥാപനത്തിന് കൈമാറുകയും 24.3.23 തീയതി കരാറിൽ ( കരാർനം.44/23) ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. തുക അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്ത തീയതി മുതൽ 6 മാസത്തിനുള്ളിൽ പദ്ധതി നിർവഹണം പൂർത്തികരിക്കുമെന്ന് കരാറിൽ പറഞ്ഞിട്ടുണ്ടെങ്കിലും നാളിതു വരെ പദ്ധതി ആരംഭിച്ചിട്ടില്ല. ആയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.4/26.7.23) ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി പൂർത്തികരിക്കുന്നതാണെന്ന് വിവരം അറിയിച്ചുകൊണ്ടുള്ള കത്ത് നിർവഹണ ഏജൻസിയായ അനെർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ പൂർത്തികരണം സംബന്ധിച്ചുള്ള വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

1-14 വിനിയോഗ സാക്ഷ്യപത്രം പൂർണ്ണമായി ലഭിച്ചിട്ടില്ല

താഴെ പറയുന്ന പഞ്ചായത്തുകൾക്ക് പ്രവൃത്തി നടത്തുന്നതിന് സെക്രട്ടറി ബ്ലോക്ക് വിഹിതമായി നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം പൂർണ്ണമായി ലഭിച്ചിട്ടില്ല.

| പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | ബ്ലോക്ക് വിഹിതം ബിൽ/ ചെക്ക് നമ്പർ/തീയതി | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരികെ ലഭിക്കേണ്ട തുക/വിനിയോഗ സാക്ഷ്യപത്രം ലഭിക്കേണ്ട തുക |
|---|---|---|---|---|
| 77/23 | ടേക്ക് എ ബ്രേക്ക് കെട്ടിട നിർമ്മാണം (വാണിയംകുളം ഗ്രാമപഞ്ചായത്ത്) | 1300000 (ധനകാര്യക്കമ്മീഷൻ ഗ്രാന്റ് )Bil No. 2221026300720048l877/30.8.22 | 1265917 | 34083 |
| 117/23 | എഴുവന്തല പൊട്ടിയക്കര റോഡ് റീ കൺസ്ട്രഷൻ (നെല്ലായ ഗ്രാമപഞ്ചായത്ത്) | 500000 (ജനറൽ ഫണ്ട് )Bil No. 222102630072011 30496/3.2.23 | 217959 | 282041 |

ചെലവഴിക്കാത്ത തുകയെ സംബന്ധിച്ചുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റിന് അന്വേഷണത്തിന് (നം. 6/26.07.23) വിനിയോഗ സാക്ഷ്യപത്രങ്ങൾ വിവിധ ഏജൻസികളിൽ നിന്നും ലഭ്യമാക്കി ഓഡിറ്റ് മുമ്പാകെ സമർപ്പിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

## 1-15 ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്

1)ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിവിധ ഗ്രാമപഞ്ചായത്തുകളിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കൽ (പ്രോജക്ട് നം.136/23) എന്ന പദ്ധതിക്ക് വികസനഫണ്ട് പൊതുവിഭാഗം ഫണ്ടിൽ നിന്നും ഒരു അംഗൻവാടിക്ക് 200000/- രൂപ നിരക്കിൽ ആകെ 1600000 രൂപ സ്റ്റേറ്റ്മിഷൻ ഡയറക്ടർ , എം.ജി.എൻ.ആർ.ഇ.ജി.എസ് അക്കൌണ്ടിലേക്ക് (A/c No.799011400000486- (BRN.222102630072011 30510/3.2.23) പ്രകാരം അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | അങ്കണവാടിയുടെ പേര് | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1 | കയ്യറകുന്ന് അങ്കണവാടി നം.124 | നെല്ലായ ഗ്രാമപഞ്ചായത്ത് |
| 2 | പേങ്ങാട്ടിരി അങ്കണവാടി നം.140 | നെല്ലായ ഗ്രാമപഞ്ചായത്ത് |
| 3 | കായൽപള്ള അങ്കണവാടി നം.23 | ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| 4 | ചോറോട്ടൂർ അങ്കണവാടി നം.31 | വാണിയംകുളം ഗ്രാമപഞ്ചായത്ത് |
| 5 | കയറാട്ട് അങ്കണവാടി നം.135 | അനങ്ങനടി ഗ്രാമപഞ്ചായത്ത് |
| 6 | അമ്പലംകുന്ന് അങ്കണവാടി നം.25 | ചളവറ ഗ്രാമപഞ്ചായത്ത് |
| 7 | മലപ്പുറം അങ്കണവാടി നം.116 | വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് |
| 8 | അമ്പലപ്പാറ അങ്കണവാടി നം.45 | അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് |

2) താഴെ കൊടുത്ത പദ്ധതികളിൽ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേക്ക് തുകകൾ കൈമാറിയിട്ടുണ്ട്

| പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ പേര് | ബ്ലോക്ക് വിഹിതം ബിൽ/ ചെക്ക് നമ്പർ/തീയതി | ട്രാൻസഫർ ക്രെഡിറ്റ് ചെയ്തത് |
|---|---|---|---|
| 72/23 | സ്നേഹസ്പർശം ( അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്ക് മരുന്ന് നൽകൽ) | 200000 (ജനറൽ ഫണ്ട്)BRN No. 221026300720059858 8/30.9.22 | ജില്ലാ പഞ്ചായത്ത് സെക്രട്ടറി A/C No.799011400002200 |
| 140/23 | എ.ബി.സി പദ്ധതി | 200000 (ജനറൽ ഫണ്ട്)BRN No. 2210263007201245966/25.2.23 | ജില്ലാ പഞ്ചായത്ത് സെക്രട്ടറി A/C No.799011400002200 |

മുകളിൽ പറഞ്ഞ പദ്ധതികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങളുടെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം 7/26.7.23) സ്റ്റേറ്റ്മിഷൻ ഡയറക്ടർ , എം.ജി.എൻ.ആർ.ഇ.ജി.എസ് നിന്നും ധനവിനിയോഗ സാക്ഷ്യപത്രങ്ങളുടെ പകർപ്പ് ലഭ്യമാക്കി ഓഡിറ്റിന് മുമ്പാകെ സമർപ്പിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേക്ക് നൽകിയ തുകയ്ക്കും ധനവിനിയോഗ സാക്ഷ്യപത്രങ്ങളുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

1-16 അംഗീകാരം ലഭിക്കാത്ത പദ്ധതിയ്ക്ക് ബ്ലോക്ക് വിഹിതം നൽകിയത് സംബന്ധിച്ച്

പ്രോജക്റ്റ് നം. 119/2023

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി , ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്

അടങ്കൽ തുക : 500000 (ജനറൽ ഫണ്ട്)

ചെലവഴിച്ച തുക : 500000 ( BRN.2210263007201516722/28.03.23)

ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ വെട്ടുകാട് ലിഫ്റ്റ് ഇറിഗേഷൻ -മുളഞ്ഞൂർ റോഡ് പദ്ധതിയുമായി ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ വികസന ഫണ്ട് (ജനറൽ) വിഹിതമായി 500000 രൂപ വകയിരുത്തി. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ വേളയിൽ 8 ലക്ഷം ചെലവ് വരുന്നതിനാൽ നാളിതുവരെ പദ്ധതി നടപ്പിലാക്കാനുള്ള അംഗീകാരം ലഭിച്ചിട്ടില്ലായെന്നുള്ള വിവരം സെക്രട്ടറി ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് 10/2/23 തീയതിയിലെ 400769/DPDC02/General /2023/1214(2) കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 5 ലക്ഷം രൂപ 28.03.23 തീയതിയിൽ BRN.2210263007201516722 നമ്പർ പ്രകാരം ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഒറ്റപ്പാലം സബ്ട്രഷറി അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. അംഗീകാരം ലഭിക്കാത്ത പദ്ധതിക്ക് ബ്ലോക്ക് വിഹിതം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ്

അന്വേഷണത്തിന് (നം.5/26.7.23) ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ വെട്ടുകാട് ലിഫ്റ്റ് ഇറിഗേഷൻ -മുളഞ്ഞൂർ റോഡ് പദ്ധതിക്ക് 525/ഡി.പി.സി/ഡി.പി.ഒ/പി.കെ.ഡി തീയതി 6/3/23 പ്രകാരം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതാണെന്നും ആയത് 2023-24 ൽ സ്പിൽ ഓവർ ആയി SO254/2024 പദ്ധതി ഏറ്റെടുത്തിട്ടുള്ളതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഗ്രാമ,ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികളിലെ സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സ.ഉ(കൈ )നം .84/2022/ത.സ്വ.ഭ.വ തീ യതി 19.04.2022 പ്രകാരമുള്ള മാർഗ്ഗരേഖയുടെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-17 കുടിവെള്ളപദ്ധതികളുടെ നിർവ്വഹണം - ആസ്തികൾ സമയബന്ധിതമായി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറേണ്ടതാണ്

2022-23 സാമ്പത്തിക വർഷം കുഴൽ കിണർ നിർമ്മാണം, മോട്ടാർ, വാട്ടർ ടാങ്ക് മുതലായവ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടെ വിവിധ പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുണ്ട്. ടി പദ്ധതികൾക്കായി നടത്തിയ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് | അടങ്കൽ (₹) | ചെലവ് (₹) | ബിൽ നമ്പർ & തീയതി |
|---|---|---|---|---|
| 1 | S048/23, ചെമ്പ്രക്കുന്നു വീട്ടിക്കുന്ന് കുടിവെള്ള പദ്ധതി- വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് | 1403250 | 101455 | 542/29.03.2023 |
| 2 | S031/23- കീഴൂർ റോഡ് കുടിവെള്ള പദ്ധതി- തൃക്കടീരി ഗ്രാമപഞ്ചായത്ത് | 1038750 | 958643 | 410/09.03.2023 |
| 3 | S049/23-ചളവറ ഓട്ടുങ്ങാട്ടുകുന്ന് കുടിവെള്ള പദ്ധതി- ചളവറ ഗ്രാമപഞ്ചായത്ത് | 769375 | 678404 | 364/24.02.2023 |
| 4 | S030/23തോട്ടത്തൊടി കുടിവെള്ള പദ്ധതി - അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത് | 433616 CFC(tied) | 433616 CFC(tied) | 147/17.11.2022 |
| 5 | S028/23കഴനിക്കാട് സമഗ്ര കുടിവെള്ള പദ്ധതി | 213136 | 213136 | 8/22.07.22 |
| 6 | 25/23 തിരുണ്ടിക്കുന്ന് | 103432 | 103432 | 7/20.07.22 |

| | | | | |
|---|---|---|---|---|
| | -കുടിവെള്ള പദ്ധതി-അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് | | | |

നടപ്പിലാക്കിയ 6 കുടിവെള്ള പദ്ധതികളിൽ 3 എണ്ണത്തിൽ ലക്ഷ്യം കൈവരിക്കുകയും, 3 പദ്ധതികളിൽ വെള്ളം ലഭിക്കാതെ പാഴ്ചെലവായതായും കാണുന്നു.

പദ്ധതി നടപടിക്രമങ്ങളിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു

1. കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ്, (1)-ാം ഉപവകുപ്പ്, 4-ാം പട്ടിക പ്രകാരം നിഷ്കർഷിക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ കുടിവെള്ളപദ്ധതികൾ ഉൾപ്പെടുന്നില്ല. എന്നാൽ ജി.ഒ (എം.എസ്) 84&86/2022/ത.സ്വ.ഭ.വ/19.04.22 – ഖണ്ഡിക 8.14 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ സമ്മതപത്രത്തോടെ മാത്രം പ്രൊജക്ടുകൾ നടപ്പാക്കാവുന്നതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ സമ്മതപത്രം ലഭ്യമാക്കാതെയാണ് പദ്ധതികൾ നടത്തിയിട്ടുള്ളത്.

2. പൂർത്തീകരിച്ച പദ്ധതികൾ കാലതാമസം കൂടാതെ പഞ്ചായത്തുകളുടെ ആസ്തിയിൽ ഉൾപ്പെടുത്തേണ്ടതിനാൽ അസി.എഞ്ചിനീയർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ പദ്ധതി പൂർത്തീകരിച്ച വിവരം രേഖാമൂലം അറിയിച്ചിട്ടില്ല. കുടിവെള്ള പദ്ധതികൾ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

3. ഗ്രാമപഞ്ചായത്തുകളുടെ കുടിവെള്ള പ്രൊജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതികളുടെ ചുമതലയാണ് എന്ന് പ്രൊജക്ടിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം-8/27.07.2023 ന് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ രേഖാമൂലം മറുപടി സമർപ്പിച്ചിട്ടില്ല. ആസ്തികൾ സമയബന്ധിതമായി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. പദ്ധതികൾ നിലവിൽ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-18 കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല എന്നും ബോധ്യപ്പെട്ടു.

പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ മതിയായ മുദ്ര പത്രത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ബ്ലോക്ക് പഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി.

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യ.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ

കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ )എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു.

1) പ്രോജക്ടിന്റെ നം. , പേര് : SO 30/23- തോട്ടത്തൊടി കുടിവെള്ള പദ്ധതി- അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | 433616 രൂപ<br>ബിൽ റഫറൻസ് നം.- 147/17.11.2022 |
| കരാർ നം., അളവു പുസ്തകം: | 24/AE/ OTP/21-22 /16/12/2021<br>MB No. 09/2021 |
| പി.എ.സി. | 454696 |
| കരാറുകാരൻ: | കെ. ഹരിനാരായണൻ |
| സ്ഥലം കൈമാറിയ തീയ്യതി. | 16.12.2021 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 15.06.2022 |
| T.S പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | കരാർ തീയതി മുതൽ 6 മാസം<br>16.12.22 മുതൽ 15.6.22 വരെ |
| പൂർത്തീകരിച്ച തീയ്യതി: | 26.10.2022 |
| ഈടാക്കേണ്ട പിഴ (1%) | 4546 |
| ഈടാക്കിയത് | 0 |
| ഈടാക്കിയതിൽ കുറവ്: | 4546 |

പ്രവൃത്തി പൂർത്തീകരണത്തിനായി ജലത്തിന്റെ യീൽഡ് ടെസ്റ്റ് Ground Water Department നടത്തി തരാത്തതിനാൽ സമയം നീട്ടി അനുവദിക്കുവാൻ കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയും, ആയതിൻമേൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ കത്ത് സമർപ്പിച്ചിട്ടുണ്ടെങ്കിലും രണ്ടിലും അപേക്ഷ തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയതനുസരിച്ച് 16.06.2022 ലെ 10(1) നമ്പർ ഭരണസമിതി തീരുമാനം പ്രകാരം പിഴ കൂടാതെ 3 മാസത്തേക്ക് കാലയളവ് നീട്ടി നൽകുകയും ചെയ്തു. എന്നാൽ ടി പ്രവൃത്തിയിൽ പിഴ ഈടാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

2) പ്രോജക്ടിന്റെ നം., പേര് : SO 48/23; ചെമ്പ്രക്കുന്ന് വീട്ടിക്കുന്ന് കുടിവെള്ള പദ്ധതി- വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

| | |
|---|---|
| ചെലവ്: , ബിൽ നം. , | 101455രൂ. |

| | |
|---|---|
| തീയ്യതി | ബിൽ റഫറൻസ് നം.- 542/29.03.2023 |
| കരാർ നം., അളവു പുസ്തകം: | 52/AE/ OTP/21-22 /21-03-2022<br>MB No. 27/22-23 |
| പി.എ.സി. | 1083114 |
| കരാറുകാരൻ: | ശ്രീ. കെ.പി. അബ്ദുൾ സലാം |
| സ്ഥലം കൈമാറിയ തീയ്യതി. | 21.03.2022 |
| കരാർ/ T.S പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 20.09.2022(കരാർ തീയതി മുതൽ 6 മാസം ) |
| പരമാവധി പിഴയില്ലാതെ അനുവദിക്കാവുന്ന സമയം | 5.11.2022 വരെ (45 ദിവസം) |
| പൂർത്തീകരിച്ച തീയതി | 03.12.2022 |
| ഈടാക്കേണ്ട പിഴ (1%) | 10831 |
| ഈടാക്കിയത് | 0 |
| ഈടാക്കിയതിൽ കുറവ്: | 10831 |

മഴ കാരണം പ്രവൃത്തിയുടെ സമയം നീട്ടി അനുവദിക്കുവാൻ കരാറുകാരൻ 17.8.2022 ന് അപേക്ഷ സമർപ്പിക്കുകയും, ആയതിൻമേൽ അസിസ്റ്റന്റ് എഞ്ചിനീയരുടെ ശുപാർശ കത്തിന്റെ അടിസ്ഥാനത്തിൽ 14.12.2022 ലെ 2(4) നമ്പർ ഭരണസമിതി തീരുമാനം പ്രകാരം പിഴ കൂടാതെ 31.03.2023 വരെ കാലാവധി നീട്ടി നൽകുകയും ചെയ്തു. ടി പ്രവൃത്തിയിൽ മേൽ നിർദേശങ്ങൾ പാലിച്ചിട്ടില്ല. മേൽ പ്രവൃത്തികളിൽ മതിയായ പിഴ ഈടാക്കാതെ പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ചു നൽകിയിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10/29.07.2023) ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും മറുപടി ലഭിച്ചില്ല. പിഴയിനത്തിൽ തനതുഫണ്ടിന് ലഭിക്കേണ്ട 15377 രൂപ (4546+ 10831) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തുക അടവാക്കുന്നതുവരെ 15377 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

1-19 മേഖലാ തല ചുമതലകളിൽ ഉൾപ്പെടാത്ത മരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പഞ്ചായത്തുകളിലെ സ്ഥിതിചെയ്യുന്ന ഗവ. ഹൈസ്കൂളുകളിലെ സാനിറ്ററി കോംപ്ലക്സുകൾ സ്ഥാപിക്കൽ എന്ന പ്രവൃത്തി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട് . ടി പദ്ധതി ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെട്ടതല്ല. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | പ്രോജക്ട് നം., പ്രവൃത്തിയുടെ പേര് | കരാറുകാരൻ & എഗ്രിമെന്റ് നമ്പർ, തീയതി | എം.ബുക്ക് നം. | ബിൽ തുക, റഫറൻസ് നം.- |
|---|---|---|---|---|
| 1 | SO. 47/23- കടമ്പൂർ ഗവ. | ശ്രീ. /AE/OTP/21-22 | 80/18-19 | 291723രൂ 61/17.08.2022 |

| | | | | |
|---|---|---|---|---|
| | ഹൈസ്കൂളിൽ സാനിറ്ററി കോംപ്ലക്സ് | തീയതി | | |
| 2 | നെല്ലിക്കുറിശ്ശി ഗവ. ഹൈസ്കൂളിൽ സാനിറ്ററി കോംപ്ലക്സ് | ശ്രീ.ഇബ്രാഹിം 37/AE/OTP/21-22 തീയതി22.02.2022 | 109/17-18 | 603629 60/17.08.2022 |
| 3 | കൂനത്തറ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ സാനിറ്ററി കോംപ്ലക്സ് | ശ്രീ.സുബ്രഹ്മണ്യൻ 39/AE/OTP/21-22 തീയതി 24.02.22 | 67/18-19,17 /22-23 | 335051 75/31.08.2022 |
| 4 | മാരായമംഗലം ഗവ.ഹൈസ്കൂളിൽ സാനിറ്ററി കോംപ്ലക്സ് | ശ്രീ.മോഹൻദാസ്.കെ 36/AE/OTP/21-22 തീയതി 21.02.2022 | 06/22-23, 07/22-23 | 604808 260/1.02.2023 |

1994ലെ കേരള പഞ്ചായത്ത് രാജ് 172ാം വകുപ്പിലെ (1) -ാം ഉപവകുപ്പ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലാ വിഭജനത്തിൽ പട്ടിക നാലിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക എന്ന് നിഷ്കർഷിക്കുന്നു. സർക്കാർ ഹൈസ്കൂളുകൾ , ഹയർസെക്കന്ററി സ്കൂളുകളുടെ നടത്തിപ്പ് എന്നത് ജില്ലാ പഞ്ചായത്തിന്റെ ചുമതലകളിൽ വരുന്ന പ്രവൃത്തികളാണ്. ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകൾ സൂചിപ്പിച്ചിട്ടുള്ള 4ാം പട്ടികയിൽ ഇത് ഉൾപ്പെടുന്നുമില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത മേൽ പ്രവൃത്തികൾ നടപ്പിലാക്കിയതിന്റെ കാരണം വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 9/27.07.2023 ) ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദേശങ്ങൾ

പഞ്ചായത്ത് രാജ് വകുപ്പിലെ നിർദേശങ്ങൾക്ക് വിധേയമായി പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

വരും വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ തല ചുമതലകളിൽ ഉൾപ്പെടാത്ത മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 കാണുക

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച പി.എം. എ.വൈ വിഹിതത്തിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 9992055 | 4945936 | 14937991 | 10962502 | 3975489 |
| ബ്ളോക്ക് പഞ്ചായത്ത് | 1696041 | 109337 | 1805378 | 48118 | 1757260 |
| ജില്ലാ പഞ്ചായത്ത് | 2099600 | 0 | 2099600 | 0 | 2099600 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെല വഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| ഡിസ്ട്രിക്ക് എഞ്ചിനീയർ, അനെർട്ട് , പാലക്കാട് | ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ | ചെക്ക് നം.MA 2142342/21.03.23 | 2027025 | 0 | 2027025 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും വരവില്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1995-96 മുതൽ 1997-98 വരെ | 19 | 1999-2000 | Iv(b) | പേ വിഷ നിയന്ത്രണ പദ്ധതി -അനാവശ്യ ചെലവ് | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ 30.03.2003 ന് വിരമിക്കുകയും ലഭ്യമായ മേൽവിലാസത്തിൽ നൽകിയ കത്തുകൾ മടങ്ങി വരുകയും ചെയ്തു നിലവിൽ വിദേശത്തായതിനാൽ 25607/- രൂപ ഈടാക്കിയിട്ടില്ല. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 32941910 |
| ഓഡിറ്റ് വർഷത്തെ വരവ് | 108871977 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 119170499 |
| നീക്കിയിരിപ്പ് | 22643388 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15377 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - | - | ഇല്ല | - |

(സി). ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18-1 | 4546 | ശ്രീമതി. ഡെയ്സി. എം.പി അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-18-2 | 10831 | |

ഡി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ജി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡെയ്സി.എം.പി അസി. എഞ്ചിനീയർ | സർവീസിൽ നിന്നും വിരമിച്ച | ജിജോ ഭവൻ പൂയപ്പള്ളി പി.ഒ ഭാഗം, പോങ്ങാട് കൊല്ലം ജില്ല പിൻ-691537 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ & തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | എൽ.എഫ്.പി(6).90/06 /14.06.2007 | 1 |
| 2002-03 | എൽ.എഫ്.പി(6).91/06 /14.06.2007 | 1 |
| 2011-12 | എൽ.എഫ്.പി(8)1521/14 /07.01.2015 | 1 |
| 2012-13 2013-14 &2014-15 | എൽ.എഫ്.പി(8)1750/15 /19.01.16 | 2 |
| 2015-16 | എൽ.എഫ്.പി(8)/614 /2017/20.05.2017 | 1 |
| 2016-17 | എൽ.എഫ്.പി(8)/2095 /2017/24.11.2017 | 1 |
| 2017-18 | നം.കെ.എസ് എ പി കെ ഡി -8/1045/2019 തീയതി: 04.09.2019 | 4 |
| 2018-19 | നം. കെ.എസ്.എ- | 3 |

| | | |
|---|---|---|
| | പി.കെ.ഡി.8/1598/2019<br>തീയതി:19.03.2020 | |
| 2019-20 | നം. കെ.എസ്.എ-<br>പി.കെ.ഡി.8-625/2022<br>തീയതി: 15.06.2022 | 14 |
| 2020-21 | No.KSA.PKD.8-906/2022<br>തീയതി: 18-06-22 | 22 |
| 2021-22 | No.KSA Pkd-24/2146<br>തീയതി: 10-10-2022 | 18 |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 26-06-2023 and submitted on 06-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Ottapalam Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ottapalam Block Panchayat for the year 2022-2023

Date: 05/10/2023

Senior Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Ottapalam Block Panchayat for the Year 2022-2023.

**1.Major Observations**

--

**2.Other Observations**

1.The interest accrued on PMAY share wrongly taken as gramapanchayat share

2. The amount wrongly accounted in CB of PMAY share not adjusted to the correct account head

3.Cetified abstract not written in Rent Register

4.The expenditure of Development fund General in AFS and ACR different.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 3

## വാർഷിക ധനകാര്യ പത്രിക സംക്ഷിപ്തം

| | | | |
|---|---|---|---|
| Ottapalam Block Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 32941910.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 1500.00 |
| 140000000 | Fees & User Charges | RP-4 | 10176.00 |
| 150000000 | Sale & Hire Charges | RP-5 | 344951.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 73994419.00 |
| 171000000 | Interest Earned | RP-9 | 1357.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 32752057.00 |
| 350000000 | Other Liabilities | RP-36 | 7802.00 |
| | Non Operating | | |
| 340000000 | Deposits Received | RP-34 | 35816.00 |
| 350000000 | Other Liabilities | RP-36 | 13120.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 105440.00 |
| 460000000 | Loans, Advances and Deposits | RP-47 | 1605339.00 |
| | Grand total | | 141813887.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2832170.00 |
| 220000000 | Administrative Expenses | RP-12 | 768927.00 |
| 230000000 | Operations & | RP-13 | 674065.00 |

| | | | |
|---|---|---|---|
| | Maintenance | | |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 11347170.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 63371572.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 9221032.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 69920.00 |
| 255000000 | Maintenance Projects | RP-20 | 9161854.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | -380195.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 81655.00 |
| 350000000 | Other Liabilities | RP-36 | 11269042.00 |

Ottapalam Block Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 119350.00 |
| 140000000 | Fee & User Charges | I-4(b) | 18096.00 |
| 150000000 | Sale & Hire Charges | I-5(b) | 353943.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 123548606.00 |

| | | | |
|---|---|---|---|
| | Subsidies | | |
| 171000000 | Interest Earned | I-8 | 1357.00 |
| | Total Income | | 124041352.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2832170.00 |
| 220000000 | Administrative Expenses | I-11(b) | 776894.00 |
| 230000000 | Operations & Maintenance | I-12(b) | 2632769.00 |
| 240000000 | Interest & Finance Charges | I-13 | 527.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 11421520.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 85410197.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 15089700.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 69920.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 30000.00 |
| 255000000 | Maintenance Projects | I-14(e) | 9161854.00 |
| 272000000 | Depreciation | I-17(a) | 1977957.00 |
| | Total Expenditure | | 129403508.00 |
| | Gross Surplus / Deficit of | | -5362156.00 |

| | | | |
|---|---|---|---|
| | income over Expenditure | | |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -469237.00 |
| | Net difference (Prior period Income - Prior period Expenditure) | | -4892919.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

| | | | |
|---|---|---|---|
| Ottapalam Block Panchayat BALANCE SHEET | | | |
| as on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 37101811.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 18960601.00 |
| | Total Reserve & Surplus | | 56062412.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 22243836.00 |
| | Total Grants, Contributions for Specific Purposes | | 22243836.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 687567.00 |
| 350000000 | Other Liabilities | B-9 | 34045.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 721612.00 |
| | TOTAL LIABILITIES | | 79027860.00 |

| | | | |
|---|---|---|---|
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 58787791.00 |
| 411000000 | Accumulated Depreciation | B-11 | -11854086.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 46933705.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 14900.00 |
| 431000000 | Sundry Debtors (Receivables) | B-15 | 7544000.00 |
| 450000000 | Cash and Bank Balance | B-17 | 22643388.00 |
| 460000000 | Loans, Advances and Deposits | B-18 | 1891867.00 |
| | Total Current Assets, Loans and Advances | | 32094155.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |

Senior Deputy Director